*⇨ ജനാധികാരത്താൽ കമ്പനിയുടെ രാസവിഷ മാലിന്യക്കുഴൽ നീക്കം ചെയ്യാനാണ് തീരുമാനം ⇨*

# കാതിക്കുടം വിളിക്കുന്നു; അവസാനമായി

കാലങ്ങളായി തൃശൂർ ജില്ലയിലെ കാതിക്കുടം ഗ്രാമത്തിൽ രോഗവും മരണവും വിതയ്ക്കുന്ന നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് കമ്പനിക്കെതിരെ ആക്ഷൻകൗൺസിൽ രൂപീകരിച്ച് നാട്ടുകാർ നടത്തുന്ന സമരം അന്തിമഘട്ടത്തിലേക്ക് കടന്നിരിക്കുന്നു.

**കേരളീയം വാർത്താശൃംഖല**

“ഇത് ഞങ്ങളുടെ അവസാനഘട്ട സമരമാണ്. കാതിക്കുടം വിളിക്കുന്നു; അവസാനമായി. കേരളജനത ഞങ്ങൾക്കൊപ്പം നിൽക്കണം. മാധ്യമങ്ങൾ ലോകത്തോട് വിളിച്ചു പറയണം: ഒരു നാടും ജനതയും പുഴയും വംശനാശത്തിന്റെ വക്കിലാണ്. മറ്റൊരു വഴി ഞങ്ങൾക്കുമുന്നിലില്ല. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക”. ജൂൺ 14 മുതൽ വീണ്ടും ശക്തമായി ആരംഭിച്ച കാതിക്കുടം സമരത്തിന്റെ നോട്ടീസിലെ വാചകങ്ങളാണിത്. നാടിനെ മുടിക്കുന്ന കമ്പനിക്കെതിരെ 39 വർഷമായി പല തലങ്ങളിൽ നടക്കുന്ന സമരത്തിന് ന്യായമായ തീർപ്പ്കൽപ്പിക്കാനുള്ള അന്തിമപോരാട്ടത്തിന്റെ തീവ്രതയിലാണ് ഇന്ന് തൃശൂർ ജില്ലയിലെ കാതിക്കുടം ഗ്രാമം. കാലങ്ങളായി കാതിക്കുടം ഗ്രാമത്തിൽ രോഗവും മരണവും വിതയ്ക്കുന്ന കമ്പനിക്കെതിരെ ആക്ഷൻകൗൺസിൽ രൂപീകരിച്ച് നാട്ടുകാർ സമരം ചെയ്യാൻ തുടങ്ങിയിട്ട് അഞ്ചര വർഷം പിന്നിടുകയാണ്. സമരം പൊതുശ്രദ്ധയിലേക്കെത്തുകയും കമ്പനിക്ക് പ്രതിരോധത്തിലേക്ക് മടങ്ങേണ്ടിവരുകയും ചെയ്ത നാളുകളാണ് ഈ അഞ്ചര വർഷങ്ങൾ. എന്നാൽ ഇടത്-വലത് ഭരണങ്ങളും കക്ഷിരാഷ്ട്രീയ രഹിതമായി എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും നിരന്തരം ചക്രം തിരിച്ചുകൊണ്ടിരിക്കുന്നതിനാൽ കമ്പനി ഇന്നും സമരത്തെ നിരന്തരം അവഹേളിച്ചുകൊണ്ട് കാതിക്കുടത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

കാടുകുറ്റി പഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷമായി കമ്പനിക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. 2012ലെ ഹൈക്കോടതി ഉത്തരവിന്റെ ഇടക്കാല പരിരക്ഷയിലാണ് ഇപ്പോൾ കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുന്നത്. ജനങ്ങൾ എന്തെല്ലാം ചെയ്താലും എന്തു സ്വാധീനമുപയോഗിച്ചും പ്രവർത്തനം തുടരുകതന്നെ ചെയ്യും എന്ന കമ്പനിയുടെ ധാർഷ്ട്യത്തിനെതിരെയാണ് ഇപ്പോൾ അന്തിമസമരം കാതിക്കുടത്ത് നടക്കുന്നത്. ഹൈക്കോടതി നൽകിയ ഇടക്കാല ഉത്തരവിന്റെ കാലാവധി തീരുന്ന സമയമാണ് ജൂൺ 30. അന്ന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിരാഹാര സമരം പിൻവലിച്ച് ജനാധികാരത്താൽ കമ്പനിയുടെ രാസവിഷ മാലിന്യക്കുഴൽ നീക്കം ചെയ്യാനാണ് ആക്ഷൻകൗൺസിലിന്റെ തീരുമാനം.

*⇨ രണ്ട് കോടിയോളം ലിറ്റർ ജലവും ദിനംപ്രതി ഉപയോഗിക്കുന്നു ⇨*



ദുരന്തം വിതയ്ക്കുന്ന എൻ.ജി.ഐ.എൽ കമ്പനി

**ആവശ്യങ്ങൾ**

1. ചാലക്കുടിപ്പുഴയിലേക്ക് പോകുന്ന രാസവിഷ മാലിന്യക്കുഴൽ എടുത്തു മാറ്റുക.
2. ശ്വാസം മുട്ടിപ്പിക്കുന്ന ദുർഗന്ധം ഇല്ലാതാക്കി കാതിക്കുടത്തിന്റെ ആകാശം ശുദ്ധമാക്കുക.
3. മത്സ്യക്കുരുതിക്ക്, കുടിവെള്ളം മുട്ടിച്ചതിന് കമ്പനിയുടെ മേൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക.
4. പരിസ്ഥിതി ആഘാതം തിട്ടപ്പെടുത്തി കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുക.
5. ജനതയുടെ ആരോഗ്യം വീണ്ടെടുക്കുക.

**എന്തുകൊണ്ട് രാസമാലിന്യക്കുഴൽ നീക്കം ചെയ്യുന്നു?**

സർക്കാർ ഭൂമിയിലൂടെയും സ്വകാര്യഭൂമിയിലൂടെയും ഒന്നര കി.മീ. നീളത്തിൽ സ്ഥാപിച്ചിരിക്കുന്ന ഭീമാകാരമായ കോൺക്രീറ്റ് കുഴലിലൂടെയാണ് കമ്പനി രാസവിഷ മാലിന്യങ്ങൾ ചാലക്കുടി പുഴയിലേക്ക് തള്ളുന്നത്. ഈ വിഷം കലക്കിയ വെള്ളമാണ് ഏഴു പുഴയോര പഞ്ചായത്തുകളിലെ ജനങ്ങൾ കുടിച്ചു കൊണ്ടിരിക്കുന്നത്.

**ദുരന്തത്തിന്റെ ചരിത്രം**

1979 ലാണ് കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് (കെ.സി.പി.എൽ) പ്രവർത്തനം ആരംഭിക്കുന്നത്. ഒരു സംയുക്ത സംരഭമായാണ് കമ്പനിയുടെ ആരംഭം. അക്കാലത്ത് കൂടുതൽ ഓഹരികളും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനായിരുന്നു. ബാക്കി ഓഹരികളായിരുന്നു ജപ്പാൻ കമ്പനികളായ നിറ്റാ ജലാറ്റിനും മിറ്റ്സുബുഷി കോർപ്പറേഷനും ഉണ്ടായിരുന്നത്. പിൽക്കാലത്ത് ഭൂരിഭാഗം ഓഹരികളും നിറ്റാ ജലാറ്റിൻ കൈവശപ്പെടുത്തുകയും കമ്പനിയുടെ പേരു തന്നെ നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് എന്നാക്കി മാറ്റുകയും ചെയ്തു.

**ഉത്പന്നങ്ങൾ**

മൃഗങ്ങളുടെ എല്ലിൽ നിന്നും രാസപ്രവർത്തനം വഴി ഒസ്സീൻ ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയയാണ് ഇവിടെ പ്രധാനമായും നടക്കുന്നത്. ടൺ കണക്കിന് എല്ലും ഹൈഡ്രോ ക്ലോറിക് ആസിഡും വെള്ളവുമാണ് അസംസ്കൃത പദാർത്ഥങ്ങൾ. പണ്ട് 18 ടൺ എല്ലുകളാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് ദിനംപ്രതി 120 ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ഒരു ലോട്ടിൽ 35 മുതൽ 40 ടൺ വരെ എല്ലുപൊടി ഉപയോഗിക്കുന്നു. അത്തരത്തിൽ ദിവസവും മൂന്ന് ലോട്ട് ചാർജ് ചെയ്യുന്നു. ഒരു ദിവസം ഉപയോഗിക്കുന്ന ഹൈഡ്രോ ക്ലോറിക് ആസിഡിന്റെ അളവ് ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ആണ്. രണ്ട് കോടിയോളം ലിറ്റർ ജലവും ദിനംപ്രതി ഉപയോഗിക്കുന്നു.

ഗോഡൗണിൽ നിന്ന് നുറുങ്ങിയ എല്ലുകൾ കൺവെയറിലൂടെ കടത്തി വിടുന്നു. ബ്ലോവർ വഴി എല്ലുകളിലെ സിന്യൂസ് വേർതിരിക്കുന്നു. വൈബ്രേറ്റർ നെറ്റിലൂടെ വലിയ എല്ലുകളെ മാറ്റുന്നു. ഇങ്ങനെ ലഭിക്കുന്ന അവസാന അസംസ്കൃതവസ്തു റോട്ടറി വാഷർ പമ്പിങ്ങിലൂടെ ആസിഡ് ബാത്തിൽ നിക്ഷേപിക്കുന്നു. ബാത്തിലേക്ക് തണുത്ത വെള്ളവും ഹൈഡ്രോ ക്ലോറിക് ആസിഡും ആവശ്യാനുസരണം ചേർക്കുന്നു. അഞ്ച് മുതൽ ഏഴ് ദിവസം വരെ ഈ പ്രക്രിയ തുടരുന്നു. അങ്ങനെ എല്ലിൽ നിന്നും കാൽസ്യം വേർതിരിക്കുകയും പ്രോട്ടീൻ മാത്രം എടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന പ്രധാന ഉത്പന്നമായ ഒസ്സീൻ രണ്ട് ലോട്ട് ജപ്പാനിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ബാക്കിവരുന്ന ഒരു ലോട്ട് ലൈംഡ് ഒസ്സീൻ ആക്കി മാറ്റുന്നു. ഒസ്സീനിൽ കുമ്മായവും തണുത്ത വെള്ളവും ചേർത്ത് 40 മുതൽ 50 ദിവസം വരെ ടാങ്കിൽ സൂക്ഷിക്കുമ്പോഴാണ് ലൈംഡ് ഒസ്സീൻ ഉണ്ടാകുന്നത്. ഇത് ജലാറ്റിൻ നിർമ്മാണത്തിനായി കമ്പനിയുടെ കാക്കനാട്ടെ പ്ലാന്റിലേക്ക് കൊണ്ടുപോകുന്നു. ഉപോൽപ്പന്നമായ ഡൈ കാൽസ്യം ഫോസ്ഫേറ്റ് കൂടി മോണോ കാൽസ്യം ഫോസ്ഫേറ്റിൽ കു

⇨ *പുഴയോരത്ത് അനുമതിയില്ലാതെയാണ് കമ്പനി പമ്പുഹൗസ് സ്ഥാപിച്ചത്* ⇨



മ്മായം ചേർത്ത് നിർമ്മിക്കുന്നു.

**മാലിന്യത്തിന്റെ ഉറവിടങ്ങൾ**

പ്രധാനമായും മൂന്ന് പ്ലാന്റുകളിൽ നിന്നാണ് മാലിന്യം വരുന്നത്.

1. ഒസ്സീൻ പ്ലാന്റിൽനിന്ന് – ആസിഡ് കലർന്ന വെള്ളം, ഗ്രീസ്, ഓയിൽ അംശങ്ങൾ, മാംസത്തിന്റെയും മജ്ജയുടേയും അവശിഷ്ടങ്ങൾ, മറ്റ് രാസപദാർത്ഥങ്ങൾ.
2. ലൈംഡ് ഒസ്സീൻ പ്ലാന്റിൽ നിന്ന് – കുമ്മായം കലർന്ന വെള്ളം.
3. ഡൈ കാൽസ്യം ഫോസ്ഫേറ്റ് പ്ലാന്റിൽ നിന്ന് – ഭീമമായ അളവിൽ ക്ലോറൈഡ് കലർന്നവെള്ളം.

ഈ മൂന്ന് പ്ലാന്റുകളിലേയും അവശിഷ്ടങ്ങൾ റോ എഫിഷ്യന്റ് ടാങ്കിൽ എത്തുന്നു. ടാങ്കിൽ കുമ്മായം ചേർത്ത് അസിഡിറ്റി കുറയ്ക്കുന്നു. ആസിഡിന്റെ ന്യൂട്രലൈസേഷൻ പ്രക്രിയ മാത്രമാണ് യഥാർത്ഥത്തിൽ ഇതിലൂടെ നടക്കുന്നത്. റോട്ടറി വാക്വം ഫിൽട്ടർ ഉപയോഗിച്ച് കമ്പനിയിൽ നിന്നുള്ള മാലിന്യങ്ങളിൽ നിന്നും സ്ലഡ്ജ് വേർതിരിക്കുകയും ഉണക്കിയെടുക്കുകയും ചെയ്യുന്നു. വളമെന്ന പേരിൽ ഇത് പുറത്ത് വ്യാപകമായി വിതരണം ചെയ്യുന്നുണ്ട്. ബാക്കിവരുന്ന മലിനജലം ഭൂഗർഭ കുഴലുകളിലൂടെ ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കിവിടുന്നു. കമ്പനി വളപ്പിൽ 10 അടിയോളം ആഴത്തിൽ ട്രഞ്ച് കുഴിച്ച് അതിനുള്ളിലായിരുന്നു ആദ്യകാലങ്ങളിൽ ഖരമാലിന്യം നിക്ഷേപിച്ചിരുന്നത്. സമീപപ്രദേശങ്ങളിലെ കിണറുകളിലും പാടശേഖരങ്ങളിലും ജലാശയങ്ങളിലും വിഷാംശം അരിച്ചിറങ്ങി അവ ഉപയോഗശൂന്യമായതോടെയാണ് വിഷം വളമാണെന്ന പേരിൽ വിതരണം ചെയ്യാൻ തുടങ്ങിയത്.

ചാലക്കുടിപ്പുഴയിലേക്ക് കമ്പനിയിൽ നിന്നുള്ള മലിനജലം എത്തുന്നതിന് സമീപത്ത് തന്നെയാണ് വാട്ടർ അതോറിറ്റിയുടെ പമ്പ്ഹൗസ് പ്രവർത്തിക്കുന്നത്. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പ്രദേശത്തും മാള, പൊയ്യ, കുഴൂർ, അന്നമനട, പുത്തൻചിറ, വെള്ളാങ്കല്ലൂർ പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നത് ഈ പമ്പ് ഹൗസിൽ നിന്നാണ്. കമ്പനിയിൽ നിന്നും പുഴയിലേക്ക് പോകുന്ന മലിനജല പൈപ്പ് പല തവണയും പൊട്ടി മാലിന്യങ്ങൾ പാടങ്ങളിലും മറ്റും പരക്കുന്ന സംഭവവുമുണ്ടായിട്ടുണ്ട്.

കമ്പനിയുണ്ടാക്കുന്ന വായു മലിനീകരണവും ചെറുതല്ല. കാതിക്കുടത്തിന്റെ അന്തരീക്ഷമാകെ ഡൈ കാൽസ്യം ഫോസ്ഫേറ്റിന്റെ ധൂളികളാൽ നിറഞ്ഞിരിക്കുകയാണ്. ആസിഡ് ഫ്യൂമ്സ് പരിസരമാകെ പുക പടലം സൃഷ്ടിക്കാറുണ്ട്. അതിരൂക്ഷമായ ദുർഗന്ധം എപ്പോഴും ഉണ്ടാകാറുണ്ട്. നാട്ടുകാർ മാത്രമല്ല, കമ്പനി തൊഴിലാളികൾ അടക്കം ക്യാൻസർ ബാധിതരാണെന്നാണ് ഇതിന്റെ പരിണിത ഫലം. എന്നിട്ടും കമ്പനി മലിനീകരണമുണ്ടാക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് ന്യായീകരണത്തിന് ശ്രമിക്കുകയാണ് സംയുക്ത ട്രേഡ് യൂണിയനുകൾ.

**കുറ്റകൃത്യങ്ങൾ**

അനധികൃതമായ ജലചൂഷണമാണ് കമ്പനി നടത്തുന്ന പ്രധാന കുറ്റം. ഒസ്സീൻ ഉൽപ്പാദനത്തിന് കമ്പനി പ്രതിദിനം രണ്ട് കോടി ലിറ്റർ വെള്ളം ഉപയോഗിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ, പ്രതിദിനം 60 ലക്ഷം ലിറ്റർ വെള്ളമെടുക്കുന്നുവെന്നാണ് കമ്പനിയുടെ അവകാശവാദം. ഇത് തെറ്റാണെന്ന് ആക്ഷൻ കൗൺസിൽ തെളിയിച്ചിട്ടുണ്ട്. ചാലക്കുടി പുഴയിൽ സ്വന്തമായി പമ്പ് ഹൗസ് സ്ഥാപിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് 60 hp മോട്ടോറുകൾ ഉപയോഗിച്ച് പടുകൂറ്റൻ പൈപ്പുകളിലാണ് കമ്പനി വെള്ളം ഊറ്റുന്നത്. പഞ്ചായത്തിൽനിന്നോ മറ്റേതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ ഒരനുമതിയും ഇതിന് നേടിയിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുണ്ടെന്ന് കമ്പനി പിന്നീട് വാദിച്ചെങ്കിലും തങ്ങൾക്ക് അനുമതി നൽകാൻ അധികാരമില്ലെന്ന് മലിനീകരണ ബോർഡ് ചെയർമാൻ എസ്.ഡി. ജയപ്രസാദ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പുഴയോരത്ത് അനുമതിയില്ലാതെയാണ് കമ്പനി പമ്പുഹൗസ് സ്ഥാപിച്ചത്. വെള്ളം എത്തിക്കുന്നതിനുള്ള കൂറ്റൻ പൈപ്പ് സ്ഥാപിച്ചതും അനുമതിയില്ലാതെയാണ്.

ജലചൂഷണമടക്കമുള്ള കാര്യങ്ങളിൽ പഞ്ചായത്ത് തങ്ങളുടെ അധികാരമുപയോഗിച്ച് നടപടിയെടുക്കാത്തതിനെതിരെ കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആക്ഷൻ കൗൺസിൽ നാല് സ്ഥലങ്ങളിൽ സ്ഥാനാർഥികളെ രംഗത്തിറക്കി. ഒമ്പതാം വാർഡിൽ മൽസരിച്ച ഷേർളി പോൾ വിജയിച്ചു. അതും സമരത്തിലെ വളരെ നിർണ്ണായകമായ സംഭവമായി മാറി.

ജനകീയസമരങ്ങളുടെ വേലിയേറ്റം തന്നെ നടന്ന കാതിക്കുടത്തെ ഭരണകൂടങ്ങൾ വീണ്ടും അവഗണിക്കുന്നതിനെ തുടർന്നാണ് ഇപ്പോൾ അന്തിമഘട്ട സമരത്തിൽ അവർ എത്തിനിൽക്കുന്നത്. ■

**പോലീസ് അട്ടിമറിക്കുന്നു**

കാതിക്കുടം എൻ.ജി.ഐ.എൽ കമ്പനിക്കെതിരെ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടക്കുന്ന സമരത്തെ അട്ടിമറിക്കാൻ പോലീസ് ശ്രമിക്കുന്നതായി നാട്ടുകാരുടെ പരാതി. സമരസമിതി അംഗങ്ങൾക്കും സമരവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പല നാട്ടുകാർക്കുമെതിരെ കമ്പനിയുമായി ചേർന്ന് പോലീസ് വ്യാപകമായി കേസുകൾ എടുക്കുന്നതായാണ് നാട്ടുകാർ ആരോപിക്കുന്നത്. നിരാഹാര സമരം പതിനൊന്ന് ദിവസം പിന്നിട്ടു.